**ഗ്രാമ ന്യായാലയം പഴയന്നൂർ**
**സാന്നിദ്ധ്യം : ശ്രീമതി. അൽഫോൻസ നീതു അലക്സ് (BBA LL.B (Hons), LL.M)**
**ന്യായാധികാരി,**
**തിയ്യതി : 2026 മാർച്ച് - 28ന് (1948 ചൈത്രം - 7)**

**O.S 29/2025**

| | | |
|---|---|---|
| അന്യായം | 1: | പി.എൻ.വൈ സഭ ഫിനാൻസ് ലിമിറ്റഡ്, സഭ ബിൽഡിംഗ്, അന്തിക്കാട്, തൃശ്ശൂർ - 680641 എന്ന സ്ഥാപനത്തിന് വേണ്ടി സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടർ പ്രദീപ് എം.എസ്, 62 വയസ്സ്, S/o ശങ്കരൻ നമ്പൂതിരി, മാങ്കോർ മന, കാഞ്ഞാണി പി.ഒ, മണലൂർ വില്ലേജ്, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ - 680612 |
| | 2: | പി.എൻ.വൈ സഭ ഫിനാൻസ് ലിമിറ്റഡിന്റെ ചേലക്കര ബ്രാഞ്ചിന്റെ ലിമിറ്റഡിന്റെ ചേലക്കര ബ്രാഞ്ചിന്റെ ഇപ്പോഴത്തെ മാനേജർ ഹേമാംബിക.പി, 42 വയസ്സ്, W/o അനിൽകുമാർ സി.പി, തെക്കുംമുറി വീട്, ചേലക്കര പി.ഒ, ചേലക്കര വില്ലേജ്, തലപ്പിള്ളി താലൂക്ക് - 680586 |
| | | **(അഡ്വ.ജയശ്രീ കെ)** |
| പ്രതികൾ | D1: | തലപ്പിള്ളി താലൂക്ക്, തോന്നൂർക്കര വില്ലേജ് ദേശം, ചേലക്കര, തോന്നൂർക്കര പി.ഒ - 680586 ചേലക്കര ഗ്രാമ പഞ്ചായത്ത് വാർഡ് 20 വിനായക സ്വയം സഹായ സംഘത്തിന്റെ പ്രസിഡണ്ട് സിന്ധു 42 വയസ്സ്, W/o മധു വടക്കേക്കര വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്. |
| | D2: | തലപ്പിള്ളി താലൂക്ക്, തോന്നൂർക്കര വില്ലേജ് ദേശം, ചേലക്കര, തോന്നൂർക്കര പി.ഒ - 680586 ചേലക്കര ഗ്രാമ പഞ്ചായത്ത് വാർഡ് 20 വിനായക സ്വയം സഹായ സംഘത്തിന്റെ സെക്രട്ടറി മഞ്ജുള കൃഷ്ണകുമാർ 46 വയസ്സ്, W/o കൃഷ്ണകുമാർ, ആലായ്ക്കൽ വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്. |
| | D3: | സിന്ധു 42 വയസ്സ്, W/o മധു വടക്കേക്കര വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്. |
| | D4: | മഞ്ജുള കൃഷ്ണകുമാർ 46 വയസ്സ്, W/o കൃഷ്ണകുമാർ, ആലായ്ക്കൽ വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്. |
| | D5: | മല്ലിക വി.എ, W/o മണികണ്ഠൻ, തെണ്ടൻകാവിൽ വീട്, തലപ്പിള്ളി താലൂക്ക്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല. |
| | D6: | രാധ, 57 വയസ്സ് W/o രാധാകൃഷ്ണൻ, കൂട്ടാല വീട്, |

| | | |
|---|---|---|
| | | തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല. |
| | D7: | വിജയകുമാരി കെ.ജി, W/o ബാബു, വടക്കുംമുറി വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല. |
| | D8: | ഷീജ.വി, W/o പീതാംബരൻ, വടക്കേക്കര വീട്, തോന്നൂർക്കര വില്ലേജ്, തോന്നൂർക്കര പി.ഒ, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല. |
| | | **( പ്രതികൾ എക്സ്പാർട്ടി ആണ് )** |

## വിധിന്യായം

വാഗ്ദത്തപത്രപ്രകാരം പ്രതികളിൽ നിന്നും അന്യായസ്ഥാപനത്തിലേക്ക് ലഭിക്കേണ്ട സംഖ്യയും പലിശയും വസൂലാക്കി കിട്ടുവാനാണ് ഈ അന്യായം ഫയൽ ചെയ്തിരിക്കുന്നത്.

2. ഈ കേസ് യഥാർത്ഥത്തിൽ O.S 408/2025 ആയി ബഹു: വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നതും, പിന്നീട് ബഹു: ജില്ല ജഡ്ജി, തൃശ്ശൂർ ജില്ല കോടതിയുടെ 03.12.2025 തീയതിയിലെ C3-28655/2025 നമ്പർ ഉത്തരവ് പ്രകാരം ഈ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും, O.S 29/2025 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും ആകുന്നു.

3. **അന്യായച്ചുരുക്കം :** വാദിസ്ഥാപനം റിസേർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിൽ എൻ.ബി.എഫ്.ഐ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ്. ആയതിന്റെ ഇപ്പോഴത്തെ മാനേജിങ് ഡയറക്ടറും, ചേലക്കര ബ്രാഞ്ചിന്റെ മാനേജരും ചേർന്നാണ് വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നത്. പ്രതികൾ ചേലക്കര പഞ്ചായത്തിൽ വാർഡ് 20ലെ വിനായക സ്വയം സഹായ സംഘത്തിലെ അംഗങ്ങളാണ്. 03.07.2023നു 11.36% നിരക്കിൽ ₹1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ) പ്രതികൾ വാദി സ്ഥാപനത്തിന്റെ ചേലക്കര ശാഖയിൽ നിന്നും വായ്പ എടുത്തിട്ടുള്ളതും, ടി വായ്പയുടെ ഉറപ്പിലേയ്ക്ക്

അന്നേ ദിവസം പ്രതികൾ വാഗ്ദത്തപത്രവും, എഗ്രിമെന്റും ഒപ്പിട്ട് തന്നിട്ടുള്ളതുമാണ്. വാദിസ്ഥാപനത്തിലേക്ക് 104 ആഴ്ചകളായി ₹1,416 വീതം ആകെ ₹1,47,264/- തിരിച്ചടക്കേണ്ടതിൽ പ്രതികൾ ₹77,880/- മാത്രം അടച്ച്, 2023 ഡിസംബറിന് ശേഷം തിരിച്ചടവ് മുടക്കി. വായ്പാ കാലാവധി 30.06.2025-ന് അവസാനിച്ചു. വായ്പസംഖ്യയും പലിശയും തരണമെന്ന് പലതവണ ആവശ്യപ്പെട്ടിട്ടും തിരിച്ച് അടക്കാത്തതിനെ തുടർന്ന് 07.07.2025നു വക്കീൽ നോട്ടീസ് അയച്ചു. ടി നോട്ടീസ് അഞ്ചാം പ്രതി കൈപറ്റാതെ മടക്കുകയും, ബാക്കി പ്രതികൾ നോട്ടീസ് കൈപറ്റിയെങ്കിലും സംഖ്യ അടച്ചു തീർത്തിട്ടില്ലാത്തതാണ്. ആയതിനാൽ 22.10.2025 വരെയുള്ള കുടിശ്ശിക ₹77,779/- രൂപയും ആയതിനു അന്യായ തീയതി മുതൽ 11.36% പലിശയും, ചിലവുകളും പ്രതികളിൽ നിന്നും വസൂലാക്കാൻ അന്യായം ബോധിപ്പിച്ചിരിക്കുന്നു.

4. പ്രതികൾക്ക് സമൻസ് അയച്ചു. ഒന്ന്, മൂന്ന്, ആറ്, എട്ട് എന്നീ പ്രതികൾ സമൻസ് കൈപറ്റിയെങ്കിലും അവർ നേരിട്ടോ അഭിഭാഷകൻ മുഖേനയോ കോടതി മുമ്പാകെ ഹാജരായില്ല. രണ്ട്, നാല്, അഞ്ച്, ഏഴ് എന്നീ പ്രതികളുടെ സമൻസ് ക്ലെയിം ചെയ്യപ്പെടാതെ മടങ്ങി. മേൽ കാരണങ്ങളാൽ ഒന്ന് മുതൽ എട്ടു വരെയുള്ള പ്രതികളെ 27.11.2025 തീയതി എക്സ്പാർട്ടി ആക്കി ഉത്തരവായി.

5. വാദിസ്ഥാപനത്തിനുവേണ്ടി ടി സ്ഥാപനത്തിന്റെ അംഗീകൃത പ്രതിനിധി ആയ രണ്ടാം അന്യായക്കാരി തെളിവ് സത്യവാങ്മൂലം ബോധിപ്പിച്ചിട്ടുള്ളതും, ടിയാരിയെ PW1 ആയി വിസ്തരിച്ചിട്ടുള്ളതും ആണ്. കൂടാതെ, Exts.A1, A2, A3 series (എട്ട് എണ്ണം), A4 series (ഏഴ് എണ്ണം), A5, A6 എന്നീ രേഖകൾ തെളിവിലേക്കായി മാർക്ക് ചെയ്തിട്ടുള്ളതുമാണ്. 03.07.2023ലെ അസ്സൽ വാഗ്ദത്തപത്രം Ext.A1 ആയും, 07.07.2025ലെ വക്കീൽ നോട്ടീസിന്റെ പകർപ്പ് Ext.A2 ആയും, 07.07.2025നു പ്രതികൾക്ക് രജിസ്റ്റർ നോട്ടീസ് അയച്ചതിന്റെ പോസ്റ്റൽ രശീതികൾ Ext.A3 സീരീസ് (എട്ട് എണ്ണം) ആയും, 08.07.2025 തിയതി പ്രതികൾക്ക് അയച്ച രജിസ്റ്റർ നോട്ടീസ് അയച്ചതിന്റെ മടക്ക രശീതികൾ Ext.A4

സീരീസ് (ഏഴ് എണ്ണം) ആയും, 14.07.2025 തിയതി അഞ്ചാം പ്രതിക്ക് അയച്ച നോട്ടീസ് കൈപറ്റാതെ മടങ്ങി വന്നത് Ext.A5 ആയും, വാദിസ്ഥാപനത്തിന്റെ 18.09.2015ലെ റെസല്യൂഷന്റെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് Ext A6 ആയും മാർക്ക് ചെയ്ത് ആണ് തെളിവിലേക്കായി സ്വീകരിച്ചിട്ടുള്ളത്.

6. വാദിഭാഗം കേട്ടു. കേസിലെ രേഖകൾ പരിശോധിച്ചു.

7. കേസിന്റെ നിർണ്ണയത്തിനായി താഴെ പറയുന്ന വാദവിഷയങ്ങൾ പരിഗണനക്കായി എടുത്തു:

i. പ്രതികൾ വാദിസ്ഥാപനത്തിന് ₹77,779/- (എഴുപത്തിയേഴായിരത്തി എഴുനൂറ്റി എഴുപത്തിയൊമ്പത് രൂപ) നൽകാൻ ബാധ്യസ്ഥരാണോ?

ii. അങ്ങനെയെങ്കിൽ, പലിശ നിരക്ക് എത്രയായിരിക്കും?

iii. നിവൃത്തികളും ചെലവുകളും?

8. **<u>വാദവിഷയം (i):</u>** വാദിസ്ഥാപനത്തിന് വേണ്ടി PW1 മുഖ്യ പരിശോധനയ്ക്ക് പകരമായി സത്യവാങ്മൂലം സമർപ്പിച്ചു. അതോടൊപ്പം ആറ് രേഖകളും സമർപ്പിച്ചു. അവ Exts.A1 മുതൽ A6 വരെ ആയി അടയാളപ്പെടുത്തി. അവയെല്ലാം വെല്ലുവിളിക്കപ്പെടാതെ തുടർന്നു. താൻ വാദിസ്ഥാപനത്തിന്റെ ചേലക്കര ബ്രാഞ്ചിന്റെ മാനേജർ ആണെന്നും, കേസിലെ വസ്തുതകളെക്കുറിച്ച് തനിക്ക് നേരിട്ടറിവുണ്ടെന്നും PW1 പ്രസ്താവിച്ചു. കേസിൽ വാദിസ്ഥാപനത്തിന്റെ അംഗീകൃത പ്രതിനിധി ആണ് PW1 എന്നതിന്റെ തെളിവിലേക്കായി Ext.A6 രേഖ ഹാജരാക്കിയിട്ടുണ്ട്. അന്യായത്തിലെ വാദഗതികൾ ആവർത്തിച്ചുകൊണ്ട് PW1 സമർപ്പിച്ച തെളിവ് സത്യവാങ്മൂലത്തിൽ, പ്രതികൾ വാദിസ്ഥാപനത്തിൽ നിന്ന് ₹1,20,000/- രൂപ 11.36% പലിശയ്ക്ക് വായ്പ വാങ്ങിയിട്ടുണ്ടെന്നും ആയതിലേക്ക് അവർ Ext.A1 പ്രോമിസറി നോട്ട് എക്സിക്യൂട്ട് ചെയ്തിരുന്നുവെന്നും പിന്നീട്, പലതവണ ആവശ്യപ്പെട്ടിട്ടും പ്രതികൾ വായ്പ വാങ്ങിയ മുതൽ പലിശകൾ മുഴുവനായി തിരിച്ചടച്ചിട്ടില്ല എന്നും പറയുന്നു.

9. PW1-ന്റെ തെളിവ് സത്യവാങ്മൂലം പ്രകാരം കേസ് ഫയൽ ചെയ്ത തീയതിയിൽ പ്രതികളിൽ നിന്ന് ₹77,779/- രൂപ ലഭിക്കാൻ ബാക്കിയുണ്ടെന്നാണ്. വാദിയുടെ വെല്ലുവിളിക്കപ്പെടാത്ത Exts.A1 മുതൽ A5 വരെയുള്ള രേഖകൾ അന്യായത്തിലെ അവകാശവാദത്തെ പിന്തുണയ്ക്കുന്നു. അന്യായം, തെളിവ് സത്യവാങ്മൂലം, ഹാജരാക്കിയ രേഖകൾ എന്നിവ പരിശോധിച്ചതോടെ, വാദി ഒരു കേസ് സ്ഥാപിച്ചുവെന്നും വാദിസ്ഥാപനത്തിന് പ്രതികളിൽ നിന്ന് ₹77,779/- രൂപ പലിശ സഹിതം വീണ്ടെടുക്കാൻ അർഹതയുണ്ടെന്നും കോടതി നിഗമനത്തിൽ എത്തുന്നു. അതിനാൽ വാദവിഷയം (i) വാദിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

10. **വാദവിഷയം (ii):** Ext.A1 വാഗ്ദത്തപത്രം പ്രകാരമുള്ള 11.36% നിരക്കിൽ വാദിസ്ഥാപനത്തിനു പലിശ അനുവദിച്ചു ഉത്തരവാക്കണം എന്നാണ് വാദികളുടെ അപേക്ഷ. എന്നാൽ ***Central Bank of India Vs. Raveendra [AIR 2001 SC 3095]*** എന്ന കേസിൽ ബഹുമാനപെട്ട സുപ്രീം കോടതി പറഞ്ഞത് ഇപ്രകാരമാണ്: *"കേസ് തീർപ്പാകുന്നതുവരെയുള്ള പലിശയും, വിധിക്ക് ശേഷമുള്ള പലിശയും നൽകുന്നത് കോടതിയുടെ വിവേചനാധികാരത്തിനുള്ളിലാണ്, കാരണം അത് പ്രധാനമായും സിവിൽ നടപടി ക്രമത്തിലെ 34-ാം വകുപ്പ് അനുസരിച്ചാണ് നിയന്ത്രിക്കപ്പെടുന്നത്. കേസ് ഫയൽ ചെയ്ത തീയതിയിൽ വിധിച്ച മൂലധന തുകയും പലിശ ഘടകവും യഥാർത്ഥത്തിൽ മുൻകൂട്ടി നൽകിയ മൂലധന തുകയുമായി ആനുപാതികമല്ലെന്ന് കോടതി കണ്ടെത്തുകയാണെങ്കിൽ, കോടതിക്ക് കുറഞ്ഞ നിരക്കിൽ പലിശ നൽകുന്നതിനോ അല്ലെങ്കിൽ അത്തരം പലിശ നൽകുന്നത് നിരസിക്കുന്നതിനോ വിവേചനാധികാരം പ്രയോഗിക്കാം."* മേൽപറഞ്ഞ വിധിയുടെ വെളിച്ചത്തിൽ, പ്രസ്തുത കേസിൽ 11.36% വാർഷികപലിശ അനുവദിക്കുന്നത് ഉചിതമായിരിക്കില്ലെന്നു കോടതി കണ്ടെത്തുന്നു. ആയതിനാൽ മേൽ അന്യായം ഫയലാക്കിയ തീയതി മുതൽ വിധി തീയതി വരെ 9.15% വാർഷിക നിരക്കിലും വിധി തീയതി മുതൽ തുക വസൂലാകുന്നതു വരെ 6% വാർഷിക

നിരക്കിലും പലിശ അനുവദിച്ചു ഉത്തരവാകാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ, പ്രതികളിൽ നിന്ന് കേസിന്റെ ചെലവ് വീണ്ടെടുക്കാൻ വാദിസ്ഥാപനത്തിന് അർഹതയുണ്ടെന്നും കോടതി അഭിപ്രായപ്പെടുന്നു. മേൽ വാദവിഷയം അപ്രകാരം ഉത്തരവായിരിക്കുന്നു.

11. **<u>വാദവിഷയം (iii)</u>:** വാദികളുടെ വ്യവഹാരത്തെയും വാദിഭാഗം തെളിവുകളെയും എതിർഭാഗം വെല്ലുവിളിക്കപ്പെടാതെ തുടരുന്നതിനാലും, മേൽ ചർച്ചകളിൽ നിന്നും, ടി അന്യായം വാദികൾക്ക് അനുകൂലമായി വിധിക്കത്തക്കതാണെന്ന് കണ്ടെത്തിയിരിക്കുന്നു.

**<u>ഫലത്തിൽ കേസ് ഇപ്രകാരം വിധിക്കുന്നു.</u>**

**(1) പ്രതികൾ വാദിസ്ഥാപനത്തിന്, സംയുക്തമായോ അല്ലെങ്കിൽ വ്യക്തിഗതമായോ, ₹77,779/- (എഴുപത്തിയേഴായിരത്തി എഴുനൂറ്റി എഴുപത്തിയൊമ്പത്) രൂപയും, കേസ് ഫയൽ ചെയ്ത തീയതി മുതൽ വിധി തീയതി വരെ വർഷത്തിൽ 9.15% നിരക്കിൽ പലിശയും, വിധി തിയ്യതി മുതൽ പേയ്മെന്റ് തിയ്യതി അല്ലെങ്കിൽ തുക വസൂലാക്കുന്ന തിയ്യതി വരെ, സാഹചര്യം അനുസരിച്ച്, വർഷത്തിൽ 06% നിരക്കിൽ പലിശയും നൽകണം.**

**(2) പ്രതികളും അവരുടെ ആസ്തികളും വിധി കടം നിറവേറ്റുന്നതിന് ബാധ്യസ്ഥരായിരിക്കും.**

**(3) വാദിസ്ഥാപനത്തിന് വ്യവഹാരചിലവുകൾ വീണ്ടെടുക്കാനുള്ള അർഹതയുണ്ട്.**

*(ഞാൻ പറഞ്ഞ് കൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി തിരുത്തി തുറന്ന കോടതിയിൽ 28.03.2026ന് ഇപ്രകാരം വിധി പറഞ്ഞിട്ടുള്ളതാണ്)*

Sd/-

**അൽഫോൻസ നീതു അലക്സ്**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

<u>അനുബന്ധം</u>

<u>വാദിഭാഗം സാക്ഷി :-</u>

PW1 – 23.03.2026 - ഹേമാംബിക

<u>വാദിഭാഗം മുദ്രിത പ്രമാണങ്ങൾ</u>

| ഫയൽ ചെയ്ത തിയ്യതി | എക്സിബിറ്റായി അടയാളപ്പെടുത്തിയിരിക്കുന്നത് | രേഖ | കോടതിയിൽഅടയാളപ്പെടുത്തിയ തിയ്യതി |
|---|---|---|---|
| 03.07.2023 | Ext A1 | വാഗ്ദത്തപത്രം | 23.03.2026 |
| 07.07.2025 | Ext.A2 | വക്കീൽ നോട്ടീസിന്റെ പകർപ്പ് | 23.03.2026 |
| 07.07.2025 | Ext A3 സീരീസ് | പ്രതികൾക്ക് അയച്ച നോട്ടീസിന്റെ പോസ്റ്റൽ രശീതികൾ (എട്ട് എണ്ണം) | 23.03.2026 |
| 08.07.2025 | Ext A4 സീരീസ് | പ്രതികൾക്ക് അയച്ച നോട്ടീസിന്റെ മടക്ക രശീതികൾ (ഏഴ് എണ്ണം) | 23.03.2026 |
| 14.07.2025 | Ext A5 | അഞ്ചാം പ്രതിക്ക് അയച്ച വക്കീൽ നോട്ടീസ് വാങ്ങാതെ മടങ്ങി വന്നത് | 23.03.2026 |
| 18.09.2015 | Ext A6 | വാദിസ്ഥാപനത്തിന്റെ റെസല്യൂഷൻന്റെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് | 23.03.2026 |

Sd/-
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

*//ശരി പകർപ്പ്//*

Id/-

**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

Fair/Copy Judgment in OS 29/2025

Date: 28.03.2026